©
കേരള സർക്കാർ
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 13<br>Vol. XIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2024 മാർച്ച് 12<br>12th March 2024<br>1199 കുംഭം 28<br>28th Kumbham 1199<br>1945 ഫാൽഗുനം 22<br>22nd Phalguna 1945 | നമ്പർ<br>No. | 914 |

**ഫോറം നമ്പർ 7**

**[RFCT LARR ചട്ടം 18 (1) കാണുക]**

**RFCT LARR ആക്ട് വകുപ്പ് 11(1) പ്രകാരം പരസ്യപ്പെടുത്തുന്ന പ്രാഥമിക വിജ്ഞാപനം**

*DCTSR/9850/2022-E5* *2024 മാർച്ച് 06*

കേരള സർക്കാർ 04/09/2020 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 60/2020/റവ വിജ്ഞാപന പ്രകാരം 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് (കേന്ദ്ര ആക്ട് 30/2013) പ്രകാരമുള്ള കളക്ടറുടെ ചുമതലകൾ നിർവ്വഹിക്കുവാൻ (എൽ.എ) കിഫ്ബി സ്പെഷ്യൽ തഹസിൽദാരെ നിയമിച്ചിരിക്കുന്നതിനാലും

നിർദിഷ്ട ഏറ്റെടുക്കലിൽ പൊന്നുംവില നടപടിയുടെ പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്ററായി ലാൻഡ് അക്വിസിഷൻ ഡെപ്യൂട്ടി കളക്ടർ, തൃശ്ശൂരിനെ കേരള സർക്കാർ നിയമിച്ചിരിക്കുന്നതിനാലും

ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ വിവരിച്ചിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന്, അതായത് തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ മണത്തല വില്ലേജിൽ ചിങ്ങനാട്ട് കടവ് പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിനുമായി ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടായേക്കുമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യപ്പെട്ടിരിക്കുന്നതിനാലും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇപ്പോൾ തന്മൂലം അതുമായി ബന്ധപ്പെട്ട് എല്ലാ വ്യക്തികൾക്കും 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനരധിവാസത്തിനും, പുനഃസ്ഥാപനത്തിനുമുള്ള അവകാശ ആക്ട് 11-ാം വകുപ്പ് (1) -ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

പൊന്നുംവിലക്കെടുക്കാൻ തീരുമാനിച്ചിട്ടുള്ള ഭൂമിയിൽ തൽപരകക്ഷികളായുള്ള എല്ലാ വ്യക്തികളോടും ഭൂരേഖകൾ നാളതീകരിക്കുന്നത് സംബന്ധിച്ചും സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ചും ആക്ഷേപമുണ്ടെങ്കിൽ ആയത് മേൽ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയ തീയതിയോ ഇത് സംബന്ധിച്ച പൊതു നോട്ടീസിന്റെ തീയതിയോ ഏതാണോ അവസാനം വരുന്നത് ആ തീയതി മുതൽ 15 ദിവസത്തിനകം രേഖാമൂലമുള്ള പ്രസ്താവന പൊന്നുംവില ആഫീസറായ സ്പെഷൽ തഹസിൽദാർ, (എൽ.എ-കിഫ്ബി), തൃശ്ശൂർ മുമ്പാകെ സമർപ്പിക്കാൻ തദനുസരണം ആവശ്യപ്പെട്ടുകൊള്ളുന്നു. നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്ത ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിലുള്ള താൽപര്യം സംശയലേശമന്യേ വിശദീകരിക്കാത്തതുമായ ആക്ഷേപങ്ങൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് സംഗ്രഹം താഴെ ചേർക്കുന്നു. ആയത് തൃശ്ശൂർ ജില്ലാ ഭരണകൂടത്തിന്റെ "www.thrissur.nic.in" എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

**പട്ടിക**

*ജില്ല: തൃശ്ശൂർ*

*താലൂക്ക്: ചാവക്കാട്* *വില്ലേജ്: മണത്തല*

(ഏകദേശ വിസ്തീർണ്ണം ചേർത്തിരിക്കുന്നു.)

(എ) നഗര പ്രദേശത്തെ ഭൂമികൾ ഇല്ല.

(ബി) ഗ്രാമപ്രദേശത്തെ വസ്തുക്കൾ

| *ക്രമ നമ്പർ* | *വില്ലേജ്* | *സർവ്വെ നമ്പർ* | *ഭൂമിയുടെ തരം* | *വിസ്തീർണ്ണം (ഹെക്ടർ)* | *പൊതു ആവശ്യത്തിന്റെ സ്വഭാവം* | *ബാധിക്കപ്പെട്ട കുടുംബങ്ങളെ മാറ്റി പാർപ്പിക്കുന്നതിനുള്ള കാരണം* | *ഉടമസ്ഥർ* |
|---|---|---|---|---|---|---|---|
| 1 | മണത്തല | 150/11 | നഞ്ച | 0.0587 | | ബാധകമല്ല | നസീമ, പണിക്കവീട്ടിൽ വീട്, മണത്തല, അയിനിപ്പിള്ളി, ചാവക്കാട് പി.ഒ. |
| 2 | | 150/11 | നഞ്ച | | | | ജാസിയ അബ്ദു, അറയ്ക്കൽ രാമൻചാത്ത് വീട്, പുന്ന, ചാവക്കാട് |
| 3 | | 150/11 | നഞ്ച | | | | ഷൈലജ, വലിയേടത്ത് വീട്, ഹോസ്പിറ്റൽ റോഡ്, ചാവക്കാട് |
| 4 | | 150/11 | നഞ്ച | | | | ഷമീദ് എം.സി. (Late), മമ്മശ്രയില്ലത്ത് വീട്, ചെറ്റുവട്ടി, |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ചിങ്ങനാട്ട് കടവ് പാലവും അനുബന്ധ റോഡും നിർമ്മിക്കുന്നതിന് | | പുന്ന, ചാവക്കാട് |
| 5 | | 150/14 | നഞ്ച | 0.0416 | | | ഫൈസൽ, കോട്ടാരത്തിൽ വീട്, പുന്ന ജംഗ്ഷൻ, ചാവക്കാട് പി.ഒ. |
| 6 | | 150/14 | നഞ്ച | | | | ഷെബീർ, തെരുവത്ത് വീട്ടിൽ, പുന്ന,ചാവക്കാട് |
| 7 | | 150/14 | നഞ്ച | | | | സുബൈർ, ഇരട്ടിപറമ്പിൽ വീട്, പുന്ന, ചാവക്കാട് പി.ഒ. |
| 8 | | 150/14 | നഞ്ച | | | | ഷെബീർ, മുംതാസ്, ഈരേഴത്ത് വീട്, പുന്ന, ചാവക്കാട് പി.ഒ. |
| 9 | | 150/14 | നഞ്ച | | | | ആമിനു, കറുപ്പൻ വീട്, പുന്ന, ചാവക്കാട് പി.ഒ. |
| 10 | | 150/14 | നഞ്ച | | | | മാമ്മദ്, മമ്മശ്രയില്ലത്ത് ചേറ്റുവട്ടി വീട്, പുന്ന |
| 11 | | 150/14 | നഞ്ച | | | | അഷ്റഫ്, അച്ചത്തയിൽ വീട്, പുന്ന, ചാവക്കാട് പി.ഒ. |
| 12 | | 150/14 | നഞ്ച | | | | അജിത രാജൻ, കുഞ്ഞിരത്ത് H, തിരുവത്ര, അയിനിപ്പിള്ളി |
| 13 | | 150/15 | നഞ്ച | 0.0480 | | | പ്രമോദിനി, W/o വേലായുധൻ കെ.കെ., കറുത്താരൻ വീട്, തിരുവത്ര പി.ഒ. |
| 14 | | 150/15 | നഞ്ച | | | | നിസ, D/o അബ്ദുള്ളക്കുട്ടി, രാമനാത്ത് വീട്, കണ്ടാണശ്ശേരി, ചൊവ്വല്ലൂർ |
| 15 | | 150/15 | നഞ്ച | | | | നസീർ, രാമനാത്ത് വീട്, കണ്ടാണശ്ശേരി, ചൊവ്വല്ലൂർ |
| 16 | | 150/7 | നഞ്ച | 0.0186 | | | ലതിക രവി മുതൽപേർ, മുക്കോല വീട്, പുന്ന |
| 17 | | 152/1 | നഞ്ച | 0.0323 | | | കെ.കെ. കുഞ്ഞുമുഹമ്മദ്, കാതിയാരകത്ത് കാക്കത്തറയിൽ വീട്, ചാവക്കാട് പി.ഒ. |
| 18 | | 152/1 | നഞ്ച | | | | നൂറുദ്ദീൻ, തെക്കനായിൽ വീട്, |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | പുന്ന, ചാവക്കാട് പി.ഒ. |
| 19 | | 152/1 | നഞ്ച | | | | സുബൈദ ഖാദർ, പുതുവീട്ടിൽ വീട്, പുന്ന, ചാവക്കാട് പി.ഒ. |
| 20 | | 152/1 | നഞ്ച | | | | നൗഷാദ്, നിഷാദ്, തൈക്കണ്ടിൽ പറമ്പിൽ വീട്, പുന്ന, ചാവക്കാട് |
| 21 | | 152/2 | നഞ്ച | 0.0231 | | | ഷംസുദ്ദീൻ, പോക്കാക്കില്ലത്ത് വീട്, പുന്ന, ചാവക്കാട് പി.ഒ. |
| 22 | | 152/2 | നഞ്ച | | | | മുഹമ്മദ് റാഫി, ഷംസിയ, കുളങ്ങര വീട്, പുന്ന, ചാവക്കാട് |
| 23 | | 152/3 | നഞ്ച | 0.0095 | | | അബ്ദുൾ നാസർ, S/o മക്കാരം, അമ്പലത്ത് വീട്ടിൽ, പുന്ന, ചാവക്കാട്, റുക്കിയ |
| 24 | | 152/4 | നഞ്ച | 0.0270 | | | നൂർജ്ജഹാൻ, കാര്യാട്ട് വീട്, പുന്ന, ചാവക്കാട് പി.ഒ. |
| 25 | | 152/6A | നഞ്ച | 0.0101 | | | കുഞ്ഞു, അമ്പലത്തുവീട്ടിൽ, പുന്ന, ചാവക്കാട് പി.ഒ. |
| 26 | | 153/12 | നഞ്ച | 0.0019 | | | നൂറുദ്ദീൻ, തെക്കനായിൽ വീട്, പുന്ന, ചാവക്കാട് പി.ഒ. |
| 27 | | 153/17 | തോട്ടം | 0.0472 | | | വനജ കെ., W/o വിജയൻ, ഉണ്ണി നിവാസ്, പാവറട്ടി പി.ഒ. |
| 28 | | 153/17 | തോട്ടം | | | | ശ്രീധരൻ, പുന്ന, ചാവക്കാട് പി.ഒ. |
| 29 | | 153/17 | തോട്ടം | | | | ശകുന്തള മക്കൾ വിജീഷ്, ബിനി, മത്രംകോട്ട് വീട്, പുന്ന |
| 30 | | 153/18 | നഞ്ച | 0.0011 | | | റൗഫ്, S/o സെയ്ദ്, നാലകത്ത് പുളിയംപറമ്പിൽ വീട്, പ്രിയങ്ക ക്വാർട്ടേഴ്സ്, പുന്ന, ചാവക്കാട്, ബ്ലാങ്ങാട്, കടപ്പുറം |
| 31 | | 153/18 | നഞ്ച | | | | ചന്ദ്രമതി, കുന്നത്തുള്ളി വീട്, പുന്ന |
| 32 | | 153/19 | തോട്ടം | 0.0719 | | | ശ്രീധരൻ, പുന്ന, ചാവക്കാട് പി.ഒ. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | |
|---|---|---|---|---|---|---|---|
| 33 | | 153/19 | തോട്ടം | | | | റൗഫ്, S/o സെയ്ദ്, നാലകത്ത് പുളിയംപറമ്പിൽ വീട്, പ്രിയങ്ക ക്വാർട്ടേഴ്സ്, പുന്ന, ചാവക്കാട്, ബ്ലാങ്ങാട്, കടപ്പുറം |
| 34 | | 153/19 | തോട്ടം | | | | ശങ്കരൻ (Late) പണ്ടിരിക്കൽ വീട്, മണത്തല, പുന്ന, ചാവക്കാട് പി.ഒ. |
| 35 | | 153/19 | തോട്ടം | | | | ഇസ്മയിൽ, കോളത്ത് വീട്ടിൽ, പുന്ന, ചാവക്കാട് പി.ഒ. |
| 36 | | 169/8 | നഞ്ച | 0.0233 | | | മുഹമ്മദ് ഷെരീഫ്, വലിയ പീടിയേക്കൽ വീട്, ചാവക്കാട് |
| 37 | | 169/8 | നഞ്ച | | | | ഷെരീഫ് & റംല, വലിയപീടിയേക്കൽ വീട്, പുന്ന, ചാവക്കാട് പി.ഒ. |
| 38 | | 169/8 | നഞ്ച | | | | ഷെബിൻ പി.എം., സാദിയ ഷെബിൻ, പിക്കവീട്ടിൽ മുല്ലക്കാട് വീട്, പുന്ന, ചാവക്കാട് പി.ഒ. |
| 39 | | 171/12 | തോട്ടം | 0.0201 | | | ബുഷറ റഷീദ്, വലിയപീടികക്കൽ വീട്, പുന്ന, ചാവക്കാട് പി.ഒ. |
| 40 | | 171/13 | നഞ്ച | 0.0010 | | | മുഹമ്മദ്, പണിക്കവീട്ടിൽ വീട്, മുല്ലക്കാട് |
| 41 | | 171/13 | നഞ്ച | | | | മുഹമ്മദ് ഷെരീഫ്, വലിയ പീടിയേക്കൽ വീട്, ചാവക്കാട് |
| 42 | | 171/16A | തോട്ടം | 0.0169 | | | ഇ.പി. സെയ്താലി (Late), ഇളയടത്ത് വീട്, പുന്ന, ചാവക്കാട് |
| 43 | | 171/16B | പുറമ്പോക്ക് | 0.0004 | | | ജി.എം. എൽ.പി. സ്കൂൾ, പുന്ന |
| 44 | | 172/3 | സ്ഥിരം പുഞ്ച | 0.0037 | | | ഫൈസൽ, കോട്ടാരത്തിൽ വീട്, പുന്ന ജംഗ്ഷൻ, ചാവക്കാട് പി.ഒ. |
| 45 | | 226/1 | തോട്ടം | 0.0222 | | | മുരളീധരൻ, S/o നാരായണൻ, നെടിയേടത്ത് വീട്, മണത്തല |
| 46 | | 226/2 | തോട്ടം | 0.0087 | | | |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | | | | |
|---|---|---|---|---|---|---|---|
| 47 | | 227/1 | നഞ്ച | 0.0252 | | | ചന്ദ്രബോസ്, നാരങ്ങത്തു പറമ്പ്, പടിഞ്ഞാറേ നട, ഗുരുവായൂർ |
| 48 | | 228/1 | സ്ഥിരം പുഞ്ച | 0.0802 | | | ബാലകൃഷ്ണൻ |
| 49 | | 228/2A | നഞ്ച | 0.1673 | | | സമീറ നൗഷാദ്, അമ്പലത്ത് വീട്ടിൽ, പെരിങ്ങോട്ടുകര |
| 50 | | 228/2A | തോട്ടം | | | | ചന്ദ്രശേഖരൻ, നെരിയാടത്ത് വീട്, ഗ്രീഷ്മം, കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡ് കോളനി, നം.36, ഗുരുവായൂർ |
| 51 | | 228/2A | തോട്ടം | | | | മോഹനൻ, താണിശ്ശേരി വീട്, തിരുവത്തറ പി.ഒ. |
| 52 | | 228/2A | തോട്ടം | | | | രാജു, അമരായി വീട്, ചാവക്കാട് പി.ഒ. |
| 53 | | 2282B | നഞ്ച | 0.0471 | | | താഹിറ, വലിയപുരക്കൽ വീട്, കോട്ടപ്പുറം, ചാവക്കാട് പി.ഒ. |
| **ആകെ** | | | | **0.8071** | | | |

<u>**സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്തരൂപം**</u>

**പദ്ധതിയും പൊതു ആവശ്യവും**

തൃശ്ശൂർ ജില്ലയിൽ ഗുരുവായൂർ നിയമസഭ മണ്ഡലത്തിലെ പുന്ന – ചിങ്ങനാട്ട് കടവ് മുനിസിപ്പാലിറ്റി റോഡിൽ കനോലി കനാലിന് കുറുകെ നിലവിലുള്ള അപകടകരമാം വിധം കേട്ടുപാടുകൾ സംഭവിച്ച നടപ്പാലത്തിന് പകരം ഗതാഗതയോഗ്യമായ പുതിയൊരു പാലം പണിയുക എന്നതാണ് നിലവിലെ പദ്ധതി. നിർമ്മിക്കാനുദ്ദേശിക്കുന്ന പാലം, ദേശീയ പാത 66 നെ ചാവക്കാടിന് സമീപം കോട്ടപ്പുറത്തും സംസ്ഥാന പാത 50 (SH 50) ൽ ഓവുങ്കൽ പള്ളി ജംഗ്ഷനിൽ നിന്ന് 1400 മീറ്റർ മാത്രം അകലെയുള്ള മുനിസിപ്പാലിറ്റി റോഡിലെ പുന്ന ജംഗ്ഷനെയും ബന്ധിപ്പിക്കുന്നു. നിലവിൽ ചാവക്കാട് ടൗണിലും, SH 50 ലും പ്രത്യേകിച്ച് ഫെസ്റ്റിവൽ സീസണുകളിൽ വലിയ ഗതാഗത കുരുക്കാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. പുതിയ പാലം ചാവക്കാട് ടൗണിലേയും ചാവക്കാട് – വടക്കാഞ്ചേരി റോഡിലേയും (SH 50) ഗതാഗത തിരക്ക് കുറക്കുന്നതിന് സഹായകമാകും എന്ന് കരുതുന്നു. ഏതൊരു പ്രദേശത്തിന്റെയും വികസനവും വളർച്ചയും അവിടത്തെ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയെ അനുസരിച്ചിരിക്കുന്നു. അത്കൊണ്ട് തന്നെ പുതിയ പാലം പ്രദേശത്തെ വികസനത്തെ ഉത്തേജിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**സ്ഥലം**

ചിങ്ങനാട്ട് കടവ് മുനിസിപ്പാലിറ്റി റോഡിൽ ചാവക്കാട് കനോലി കനാലിന് കുറുകെ നിലവിലുള്ള നടപ്പാലം പൊളിച്ച് ഗതാഗത യോഗ്യമായ പുതിയ പാലം നിർമ്മിക്കുന്നതിനായി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ ഉൾപ്പെട്ട മണത്തല വില്ലേജിൽ നിന്നുള്ള പ്രദേശങ്ങളാണ്. ചാവക്കാട് മുനിസിപ്പാലിറ്റിയിൽ ഡിവിഷൻ 5, 6, 18 ൽ ഉൾപ്പെടുന്ന കനോലി കനാലിന് ഇരുവശവുമുള്ള പ്രദേശങ്ങളാണ് പദ്ധതിക്കായി ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഭൂമി ഏറ്റെടുക്കുന്നതിന്റെ വിസ്താരവും ഗുണങ്ങളും**

2023 ആഗസ്റ്റ് 22 തീയതിയിലെ 2765 –ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ തൃശ്ശൂർ ജില്ലാകളക്ടറുടെ 2023 ആഗസ്റ്റ് 189 തീയതിയിലെ വിജ്ഞാപന പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് ചിങ്ങനാട്ട് കടവ് പാലം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി തൃശ്ശൂർ ജില്ലയില ചാവക്കാട് താലൂക്കിലെ മണത്തല വില്ലേജിൽ നിന്ന് ഏകദേശം 0.546345 ഹെക്ടർ സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു.

**പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ**

ഡീറ്റെയിൽഡ് പ്രൊജക്റ്റ് റിപ്പോർട്ട് തയ്യാക്കുന്ന സമയത്തുണ്ടായിരുന്ന അലൈൻമെന്റിൽ നിന്ന് കുറച്ച് ഭേദഗതികൾ വരുത്തിയാണ് പുതിയ അലൈൻമെന്റ് ഫൈനലൈസ് ചെയ്തിരിക്കുന്നത്. ആദ്യത്തെ രൂപരേഖ പ്രകാരം പ്രദേശത്തെ വളരെ പഴക്കം ചെന്ന ഒരു മസ്ജിദിനെ ബാധിക്കുമെന്നതിനാൽ, പ്രദേശവാസികളുടെയും ബന്ധപ്പെട്ട ജനപ്രതിനിധികളുടെയും അഭ്യർത്ഥന പ്രകാരം ടി മസ്ജിദിനെ ഒഴിവാക്കി കൊണ്ടുള്ള പുതിയ അലൈൻമെന്റാണ് നിലവിൽ അപ്രൂവ് ആയിട്ടുള്ളത്.

**സാമൂഹ്യ പ്രത്യാഘാതങ്ങൾ**

ഭൂമിയുടെ അളവ് കുറയുക, കുടുംബങ്ങൾ കുടിയൊഴിപ്പിക്കപ്പെടുക, വീടുകൾ പൂർണ്ണമായോ, ഭാഗികമായോ ബാധിതമാകുക, മതിൽ, ഗേറ്റ്, മോട്ടോർ ഷെഡ് തുടങ്ങിയ നിർമ്മിതികളും അവശ്യ സൗകര്യങ്ങളായ കിണർ, കുഴൽകിണർ, സെപ്റ്റിക് ടാങ്ക് തുടങ്ങിയവയും പദ്ധതി ബാധിതമാവുക, ബാക്കി വരുന്ന ഭൂമി ഉപയോഗ ശൂന്യമാവുക, മരങ്ങൾ, കൃഷി നഷ്ടപ്പെടുക എന്നിവയാണ് പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠനസംഘം മനസ്സിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ. ഓരോ ഭൂവുടമക്കും നേരിടേണ്ടിവരുന്ന പ്രത്യാഘാതങ്ങൾ ചുവടെ ചേർക്കുന്നു.

44 ഭൂവുടമകൾക്കും കൈവശഭൂമിയുടെ അളവ് കുറയുകയോ, പൂർണ്ണമായി നഷ്ടപ്പെടുകയോ ചെയ്യും. 7 കുടുംബങ്ങൾ പ്രദേശത്ത് നിന്ന് കുടിയൊഴിക്കപ്പെടും. 4 ഭൂവുടമകൾ പ്രദേശത്ത് വാടകക്ക് നൽകിയിരിക്കുന്ന വീട്/ക്വാർട്ടേഴ്സ്/വ്യാപാര സ്ഥാപനവും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെടും.

10 ഭൂവുടമകളുടെ വീട് പൂർണ്ണമായും, 3 ഭൂവുടകളുടെ വീട് ഭാഗികമായും, 2 ഉടമകളുടെ വീട് ചെറിയ തോതിലും പദ്ധതി ബാധിതമാകും.

**ലഘൂകരണ നടപടികൾ**

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ ((23/02/2015 തീയതിയിലെ ഉത്തരവ് നമ്പർ G.O.(MS)No. 485/2015/RD & 29/12/2017 തീയതിയിലെ G.O.(MS)No. 448/2017/RD) പ്രകാരവും നടപടികൾ കൈക്കൊള്ളേണ്ടതാണ്. പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

കനോലി കനാലിനു കുറുകേ കാലപ്പഴക്കം ചെന്നതും അപകട സാധ്യത ഉള്ളതും ഇടുങ്ങിയതും ആയ പഴയ പാലം മാറ്റി പുതിയ പാലം നിർമ്മിക്കുക വഴി പദ്ധതി പ്രദേശങ്ങളുടെയും അനുബന്ധ പ്രദേശങ്ങളുടെയും ജനങ്ങൾ കാലാകാലങ്ങളായി അനുഭവിക്കുന്ന ഗതാഗത പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമാകാൻ കഴിയുന്നതാണ്. പദ്ധതി NH-66, SH-50 എന്നീ പരമപ്രധാനമായ പാതയിലേക്ക് പദ്ധതി പ്രദേശത്തെ ജനങ്ങളെ ബന്ധിപ്പിക്കുകയും ചെയ്യുന്നു. ഇത് പ്രദേശത്തെ സമഗ്രമായ വികസത്തിന് ആക്കം കൂട്ടുന്നു. പ്രസ്തുത പാലം യാഥാർത്ഥ്യമാകുന്നതോടെ പഴയ നടപാലത്തിൽ നിലനിൽക്കപ്പെടുന്ന അപകടസാധ്യത ഇല്ലാതാകുന്നതിനും പദ്ധതി പ്രദേശം കൂടുതൽ വ്യാപാര, വാണിജ്യ, വിദ്യാഭ്യാസ മേഖലയായി പരിണമിക്കുന്നതിനും കാരണമാകുന്നു. പ്രസ്തുത പാലത്തിനായി ഭൂമി ഏറ്റെക്കുടപ്പെടുന്ന കുടുംബങ്ങൾക്കും പദ്ധതിബാധിതർക്കും നിയമപരമായതും അർഹിക്കുന്നതും ആയ ന്യായമായ പരിരക്ഷ നൽകി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പുനരധിവസിപ്പിച്ച്, പുന:സ്ഥാപിച്ച് പദ്ധതി മൂലമുണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ നിർമ്മാർജ്ജനം ചെയ്ത് പദ്ധതിക്കായി മുറിക്കപ്പെടുന്ന മരങ്ങൾ പുതുതായി നട്ടുപ്പിടിപ്പിച്ച് പദ്ധതി തുടങ്ങിയാൽ നിലവിലുള്ള ഗതാഗത സൗകര്യങ്ങൾക്ക് കോട്ടം വരാതെ നടപ്പിലാക്കാൻ കഴിയും.

പ്രസ്തുത പദ്ധതി ജനങ്ങൾക്ക് ഉപകാരപ്രദമായതിനാലും പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ അടങ്കൽ തുക ഭാവി കേരള സമ്പദ്‌വ്യവസ്ഥയെ പ്രതികൂലമായി ബാധിക്കാത്തതിനാലും പദ്ധതിക്കായി ബദൽമാർഗ്ഗങ്ങളില്ലാത്തതിനാലും പുരോഗമന ത്വരിതമായതിനാലും കനോലി കനാലിന് കുറുകെ ചിങ്ങനാട്ട് കടവ് പാലത്തിന്റെ പണി എത്രയും വേഗമാരംഭിച്ച്, സമയബന്ധിതവും, സുതാര്യവും, ക്രിയാത്മകവും ആയി അവസാനിപ്പിക്കണമെന്നും ഭാവി കേരളത്തിന്റെ സാമ്പത്തിക, സാംസ്കാരിക വികസനത്തിന് ഈ പദ്ധതി മുതൽക്കൂട്ടാവുമെന്നുള്ളതിനാലും എത്രയും വേഗം ആരംഭിച്ച് സമയബന്ധിതമായി അവസാനിപ്പിക്കേണ്ടതാണ്.

(ഒപ്പ്)

**ജില്ലാ കളക്ടർ, തൃശ്ശൂർ**

**<u>വിശദീകരണക്കുറിപ്പ്</u>**

ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ പൊതു ഉദ്ദേശം വെളിപ്പെടുത്തുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ്.

തൃശ്ശൂർ ജില്ലയിൽ ചാവക്കാട് താലൂക്കിൽ മണത്തല വില്ലേജിൽ പുന്ന – ചിങ്ങനാട്ട് കടവ് മുൻസിപ്പാലിറ്റി റോഡിൽ കനോലി കനാലിനു കുറുകെ പുതിയ ചിങ്ങനാട്ടുകടവ് പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായുള്ള ഭൂമി ഏറ്റെടുക്കലിനായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും, പുനഃരധിവാസത്തിനുമുള്ള അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി ഏകദേശം 0.546345 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള റോഡ് ഫണ്ട് ബോർഡ്, എറണാകുളം / തൃശ്ശൂർ യൂണിറ്റ്, എറണാകുളം എന്നവർ സമർപ്പിച്ച അർത്ഥനയുടെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചതിനാൽ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യക്കും പുനരധിവാസത്തിനുമുള്ള അവകാശ നിയമത്തിലെ ചട്ടം 18 പ്രകാരം ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

ഈ വിജ്ഞാപനം മുകളിൽ പരാമർശിച്ച ലക്ഷ്യം കൈവരിക്കുന്നതിലേക്കായി മാത്രം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2024.03.12 02:16:48 +05:30